**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1887** **20-06-2024 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ ഫാൻസി നമ്പർ ബുക്കിംഗ് തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന ഉടമകൾ ഫാൻസി നമ്പറിനായി ലേലത്തിൽ പങ്കെടുക്കുമ്പോൾ അടയ്ക്കുന്ന തുക ലേലത്തിൽ വിജയികളായില്ലെങ്കിൽ അവർക്ക് മടക്കിക്കിട്ടുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ലേലത്തിൽ പങ്കെടുക്കുമ്പോൾ ബാങ്ക് അക്കൗണ്ട് നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വാഹന ഉടമകൾ നൽകുന്നതിനാൽ ലേലത്തിൽ പരാജയപ്പെടുന്ന വാഹന ഉടമകളുടെ ഫാൻസി നമ്പർ ബുക്കിംഗ് തുക കാലതാമസം കൂടാതെ മടക്കി നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | ലേലത്തിൽ പരാജിതരാകുന്ന വാഹന ഉടമകളുടെ ബുക്കിംഗ് തുക മടക്കി നൽകാൻ കാലതാമസം നേരിടുന്നപക്ഷം വാഹന ഉടമകൾക്ക് പ്രസ്തുത തുകയ്ക്ക് നിയമാനുസൃതം പലിശ നൽകുന്ന കാര്യം പരിഗണിക്കുമോ; | (സി) | പരിഗണനയിലില്ല |
| (ഡി) | ഫാൻസി നമ്പർ ബുക്കിംഗിനായി വാഹന ഉടമകൾ അടയ്ക്കുന്ന തുക തിരികെ നൽകുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ബുക്കിംഗ് തുക കാലതാമസം കൂടാതെ മടക്കി നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ; | (ഡി) | പുതിയ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നമ്പർ ബുക്ക് ചെയ്ത് ലേലത്തിൽ പങ്കെടുത്ത് പരാജയപ്പെടുന്നവർക്ക് ബുക്ക് ചെയ്ത തുക തിരികെ ലഭിക്കുന്നതിനായി അപേക്ഷകൻ ട്രഷറിയിലേക്ക് ഓൺലൈനായി ഇ-ട്രഷറി അപേക്ഷ സമർപ്പിച്ച ശേഷം ആയതിന്റെ പകർപ്പ് സഹിതം ബന്ധപ്പെട്ട രജിസ്റ്ററിങ് അതോറിറ്റിക്ക് നേരിട്ടോ ഇമെയിൽ മുഖാന്തിരമോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഈ അപേക്ഷ പരിഗണിച്ച് ക്രമപ്രകാരമാണെന്ന് കണ്ടാൽ നടപടികൾ പൂർത്തീകരിക്കുന്നതിന് 7 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ അനുവദിച്ച് നടപടിക്രമം പുറപ്പെടുവിച്ച് ട്രഷറിക്ക് നൽകുകയാണ് ചെയ്യുന്നത്. ട്രഷറി കാലതാമസം കൂടാതെ തന്നെ |

| | | | |
|---|---|---|---|
| | | | അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിൽ തുക അനുവദിച്ച് നൽകും. |
| (ഇ) | സംസ്ഥാനത്ത് 2021 ജനുവരി 1 മുതൽ 2024 മെയ് 31 വരെ ഫാൻസി നമ്പർ ബുക്ക് ചെയ്തിട്ടുള്ള എത്ര വാഹന ഉടമകൾക്ക് അത് ലഭിക്കാതെ വന്നതിനെ തുടർന്ന് ബുക്കിംഗ് തുക തിരികെ നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (ഇ) | അനുബന്ധം 1 ആയി ചേർക്കുന്നു |
| (എഫ്) | ഇനി എത്രപേർക്ക് ബുക്കിംഗ് തുക തിരികെ നൽകാനുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്ക് സഹിതം വിശദമാക്കാമോ? | (എഫ്) | അനുബന്ധം 2 ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

Annexure 1

| | |
|---|---|
| ആർ ടി ഒ തിരുവനന്തപുരം | 1241 |
| ആർടിഒ കൊല്ലം | 853 |
| ആർടിഒ പത്തനംതിട്ട | 245 |
| ആർടിഒ ആലപ്പുഴ | 508 |
| ആർടിഒ ആറ്റിങ്ങൽ | 183 |
| ആർടിഒ എറണാകുളം | 2694 |
| ആർടിഒ തൃശ്ശൂർ | 1414 |
| ആർടിഒ പാലക്കാട് | 683 |
| ആർടിഒ മലപ്പുറം | 1077 |
| ആർടിഒ ഇടുക്കി | 689 |
| ആർ ടി ഒ കോട്ടയം | 729 |
| ആർ ടി ഒ മൂവാറ്റുപുഴ | 786 |
| ആർടിഒ കോഴിക്കോട് | 486 |
| ആർടിഒ വടകര | 206 |
| ആർടിഒ കണ്ണൂർ | 937 |
| ആർടിഒ വയനാട് | എല്ലാ റീഫണ്ട് അപേക്ഷകളിലും തീർപ്പ് കൽപ്പിച്ചിട്ടുണ്ട് |
| ആർടിഒ കാസർഗോഡ് | e-ട്രഷറി വഴി റീഫണ്ട് അപേക്ഷ നൽകുന്ന എല്ലാവർക്കും റീഫണ്ട് നൽകി വരുന്നുണ്ട് |

Annexure 2

| | |
|---|---|
| ആർ ടി ഒ കോഴിക്കോട് | 33 |
| ആർ ടി ഒ വടകര | 49 |
| ആർ ടി ഒ കണ്ണൂർ | e-ട്രഷറി വഴി റീഫണ്ട് അപേക്ഷ നൽകുന്ന എല്ലാവർക്കും റീഫണ്ട് നൽകി വരുന്നുണ്ട് |
| ആർ ടി ഒ വയനാട് | എല്ലാ റീഫണ്ട് അപേക്ഷകളിലും തീർപ്പ് കൽപ്പിച്ചിട്ടുണ്ട് |
| ആർ ടി ഒ കാസർഗോഡ് | e-ട്രഷറി വഴി റീഫണ്ട് അപേക്ഷ നൽകുന്ന എല്ലാവർക്കും റീഫണ്ട് നൽകി വരുന്നുണ്ട് |